കേരള സർക്കാർ

242/ഇപിഎ 3/2017/തസ്വഭവ
തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്
തിരുവനന്തപുരം
തീയതി. 22/09/2017

## പരിപത്രം

വിഷയം: തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ഫിഫ അണ്ടർ 17 വേൾഡ് കപ്പ് ഫുട്ബാൾ "വൺ മില്യൺ ഗോൾ" കാമ്പയിൻ പ്രചാരണം-നിർദ്ദേശം-സംബന്ധിച്ച്

സൂചന: 1. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ 08.09.2017 ലെ കെ എസ് എസ് സി/ബി8/8850/2017 നമ്പർ കത്ത്.

2. തസ്വഭ(എഫ് എം) വകുപ്പിന്റെ 20.09.2017 ലെ സ.ഉ.(സാധാ)നം. 3097/2017/തസ്വഭവ നമ്പർ ഉത്തരവ്.

ഭാരതം ആതിഥ്യം വഹിക്കുന്ന പ്രധാനപ്പെട്ട ഒരു കായിക മാമാങ്കമാണ് ഫിഫ അണ്ടർ 17 വേൾഡ് കപ്പ് ഫുട്ബാൾ. 2017 ഒക്ടോബർ 6-ാം തീയതി മുതൽ 27-ാം തീയതി വരെ നടക്കുന്ന മത്സരത്തിന്റെ ഒരു വേദി കൊച്ചിയാണ്. വേൾഡ് കപ്പ് മത്സരങ്ങൾക്ക് സംസ്ഥാനത്ത് വേണ്ട പ്രചാരണം ലഭിക്കാൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും, സംസ്ഥാന കായിക യുവജന കാര്യാലയത്തിന്റെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും സംഘടനകളുടെയും സംയോജിപ്പിച്ച് ആസൂത്രണം ചെയ്ത പരിപാടികളിലൊന്നാണ് "വൺ മില്യൺ ഗോൾ" കാമ്പയിൻ. സെപ്റ്റംബർ 27-ാം തീയതി നടത്തുന്ന മേൽ കാമ്പയിൻ ജില്ലകളിൽ വിജയപ്രദമാക്കുവാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകണമെന്നാണ് സൂചന (1) പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

മേൽ സാഹചര്യത്തിൽ കേരളത്തിലെ 941 ഗ്രാമപഞ്ചായത്തുകളിലും ൭ മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും സ്കൂൾ/കോളേജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമായി സെപ്റ്റംബർ 27- തീയതി വൈകിട്ട് 3 മണി മുതൽ 7 മണി വരെ പൊതുജന പങ്കാളിത്തത്തോടെ ഒരു മില്യൺ ഗോളുകൾ അടിക്കുക എന്ന പരിപാടി നടപ്പാക്കുകയും ഇതിലൂടെ വ്യത്യസ്ത പ്രായപരിധിയിലുള്ള പരമാവധി ആളുകളെ ഫിഫ വേൾഡ് കപ്പിനെക്കുറിച്ച് തൽപ്പരരും ബോധവാൻമാരുമാക്കുകയും ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകുന്നു. "വൺ മില്യൺ ഗോൾ" കാമ്പയിൻ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

**എ. ഷാജഹാൻ**
സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് വേണ്ടി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
തസ്വഭ(എഫ് എം) വകുപ്പ്
ഡയറക്ടർ ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ ( 242/ഇപിഎ 3/2017/തസ്വഭവ നമ്പർ ഫയൽ)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

# 'വൺ മില്ല്യൺ ഗോൾ'

ഭാരതം ആതിഥ്യം വഹിക്കുന്ന പ്രധാനപ്പെട്ട കായിക മാമാങ്കമാണ് 2017 ഒക്ടോബർ 6 മുതൽ 27 വരെ നടക്കുന്ന ഫിഫ അണ്ടർ-17 ലോകകപ്പ് ഫുട്ബോൾ. ഇന്ത്യയിൽ 6 ഇടങ്ങളിലായി നടക്കുന്ന മത്സരത്തിന്റെ ഒരു വേദി കൊച്ചിയാണ്. ഫുട്ബോൾ എല്ലാ തലത്തിലും പ്രചരിപ്പിക്കുന്നതിനും ഫിഫ അണ്ടർ-17 ലോകകപ്പ് ഫുട്ബോൾ മത്സരത്തിന്റെ പ്രചരണത്തിനുമായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റേയും കായിക യുവജന കാര്യാലയത്തിന്റേയും നേതൃത്വത്തിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ട ഒന്നാണ് 'വൺ മില്ല്യൺ ഗോൾ'.

**ഉദ്ദേശ്യലക്ഷ്യം**

കേരളത്തിലെ 971 ഗ്രാമപഞ്ചായത്തുകളിലും, 87 മുനിസിപ്പാലിറ്റികളിലും, 6 കോർപ്പറേഷനുകളിലും സ്കൂൾ/കോളേജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമായി സെപ്റ്റംബർ 27-ാം തീയതി വൈകിട്ട് 3 മണി മുതൽ 7 മണി വരെ പൊതുജന പങ്കാളിത്തത്തോടെ ഒരു മില്ല്യൺ (10,00,000) ഗോളുകൾ അടിക്കുകയും ഇതിലൂടെ വ്യത്യസ്ത പ്രായപരിധിയിലുള്ള പരമാവധി ആളുകളെ ഫിഫ വേൾഡ് കപ്പിനെക്കുറിച്ച് തൽപ്പരരും ബോധവാന്മാരുമാക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം.

ഈ ലക്ഷ്യം കൈവരിക്കുന്നതിലേക്കായി കുറഞ്ഞത് ഓരോ ഗ്രാമ പഞ്ചായത്തുകളിലും 2,000 ഗോളുകൾ, ഓരോ മുനിസിപ്പാലിറ്റികളിലും 10,000 ഗോൾ, ഓരോ കോർപ്പറേഷനുകളിലും 15,000 ഗോളുകൾ എന്നിങ്ങനെയാണ് ഉദ്ദേശിക്കുന്നത്.

**ഗോൾ പോസ്റ്റുകൾ**

1. 8 feet x 24 feet – ലെവൻസ്
2. 6 feet x 24 feet – സെവൻസ്, ഫൈവ്സ്

   (നിലവിലുള്ള ഗോൾ പോസ്റ്റുകളോ, താൽക്കാലികമായി ക്രമീകരിയ്ക്കുന്ന ഗോൾ പോസ്റ്റുകളോ ഇതിലേയ്ക്കായി ഉപയോഗിക്കാവുന്നതാണ്).

**പങ്കാളിത്ത വിഭാഗവും രീതികളും**

എല്ലാ വിഭാഗത്തിൽപ്പെടുന്നവർക്കും പ്രായ ഭേദമെന്യേ ഈ കാമ്പയിനിൽ പങ്കെടുക്കാവുന്നതാണ്.

സ്കൂൾ, കോളേജ്, പൊതു-സ്വകാര്യ കളിസ്ഥലങ്ങൾ എന്നിവ എല്ലാം തന്നെ ഈ കാമ്പയിന് വേണ്ടി വിനിയോഗിക്കാവുന്നതാണ്.

- ഒരു വ്യക്തിക്ക് ഒരു ഗോൾ മാത്രമേ അനുവദിക്കാവൂ.
- ഗോൾ കീപ്പർ ഉണ്ടാകുന്നതല്ല.
- ഓരോ രജിസ്റ്റേർഡ് സെന്ററിലും ഗോളുകളുടെ എണ്ണം തിട്ടപ്പെടുത്താൻ ഒരു വോളന്റിയറിനെ ചുമതലപ്പെടുത്തുന്നതാണ്. (ഓരോ സെന്ററും വോളന്റിയറിനേയും രജിസ്റ്റർ ചെയ്യാൻ പ്രത്യേകം തയ്യാറാക്കിയ ആപ്ലിക്കേഷനിൽ സൗകര്യവും ഒരുക്കിയിട്ടുണ്ട്. സെപ്തംബർ 15 നു തന്നെ സെന്ററുകളുടേയും വോളന്റിയർമാരുടേയും രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതാണ്. രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാത്ത

സെന്ററുകളേയോ വോളന്റിയർമാരേയോ പുരസ്കാര നടപടികൾക്കായി പരിഗണിക്കുന്നതല്ല.)

- മൊബൈൽ ആപ്ലിക്കേഷനിലൂടെ ഗോളുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതാണ്.
- പെനാലിറ്റി സ്പോട്ടിൽ നിന്നാണ് കിക്കുകൾ എടുക്കേണ്ടത്.
- ഓരോ മിനിറ്റിലും ഓരോ സെന്ററിലും കുറഞ്ഞത് 4 ഗോളുകളെങ്കിലും സ്കോർ ചെയ്യപ്പെടേണ്ടതാണ്.
- ഏറ്റവും കൂടുതൽ ഗോളുകൾ അടിക്കുന്ന പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, സ്കൂൾ/കോളേജ് എന്നിവയ്ക്ക് ഉപഹാരങ്ങൾ നൽകുന്നതാണ്.
- ഗോൾ പോസ്റ്റുകൾ സജ്ജീകരിക്കുന്ന സെന്ററുകൾ സെപ്റ്റംബർ 15-ന് മുൻപായി അതാത് നോഡൽ ഓഫീസർ മുഖേന ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.
- ഓരോ ജില്ലയിൽ നിന്നും വൺ മില്ല്യൺ ഗോൾ കാമ്പയിനിൽ പങ്കെടുത്ത് ഗോൾ അടിക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്ന 2 പേർക്ക് വീതം ഫിഫ അണ്ടർ 17 വേൾഡ് കപ്പിലെ കൊച്ചിയിൽ നടക്കുന്ന ഓരോ മത്സരം കാണാനുള്ള അവസരം നൽകുന്നതായിരിക്കും.

**<u>റിപ്പോർട്ടിംഗ്</u>**

ഗോളുകൾ പ്രത്യേകം തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് റിപ്പോർട്ട് ചെയ്യപ്പെടേണ്ടത്. ആനുപാതികമായി പ്രത്യേകം തയ്യാറാക്കപ്പെട്ട സ്കോർ ഷീറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇങ്ങനെ തയ്യാറാക്കപ്പെടുന്ന ഷീറ്റുകൾ പ്രത്യേകമായി, അനുവദിക്കുന്ന ഈ-മെയിലിൽ പരിപാടി കഴിഞ്ഞ് ഒരു മണിക്കൂറിനകം മെയിൽ ചെയ്യേണ്ടതാണ്. കാമ്പയിൻ തുടങ്ങുന്നതുമുതൽ ഓരോ മണിക്കൂർ ഇടവേളകളിലെങ്കിലും ഫോട്ടോകൾ (Action Photos) മൊബൈൽ ആപ്ലിക്കേഷനിലോ ഈ-മെയിലിലോ അപ്‌ലോഡ് ചെയ്യപ്പെടേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ റിപ്പോർട്ടിംഗിന് സാങ്കേതിക തടസ്സം നേരിടുകയാണെങ്കിൽ സ്കോർ ഷീറ്റ്, ഫോട്ടോ തുടങ്ങി എല്ലാ വിവരങ്ങളും ജില്ലാതല കോ-ഓർഡിനേറ്റർമാരെ ഫോൺ മുഖാന്തിരം അറിയിക്കേണ്ടതാണ്.

**<u>പങ്കാളികൾ</u>**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് & യൂത്ത് അഫയേഴ്സ്, നെഹ്റു യുവകേന്ദ്ര സംഘതാൻ, യൂത്ത് വെൽഫയർ ബോർഡ്, നാഷണൽ സർവ്വീസ് സ്കീം, സ്കൂൾ സംഘടനകൾ, കായിക വിദ്യാഭ്യാസ വിഭാഗം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കായിക വിദ്യാഭ്യാസ വകുപ്പുകൾ, സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, ഫുട്ബോൾ പ്രോത്സാഹിപ്പിക്കുന്ന പൊതു സ്വകാര്യ സ്ഥാപനങ്ങൾ, ഗ്രൗണ്ട് അധികാരികൾ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവർ.

**<u>കമ്മിറ്റികൾ</u>**

വൺ മില്ല്യൺ ഗോളിന്റെ സുഗമമായ നടത്തിപ്പിനായി സംസ്ഥാന തലം, ജില്ലാ തലം, തദ്ദേശ സ്വയംഭരണ (Urban/Panchayat) തലം എന്നീ വിഭാഗങ്ങളിലായി കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നതാണ്. പ്രസ്തുത കമ്മിറ്റിയുടെ വിശദ വിവരം പിന്നീട് അറിയിക്കുന്നതാണ്.

# ORGANIZATIONAL FRAMEWORK STATE LEVEL

| [illegible] | [illegible] | POST |
|---|---|---|
| 1 | Chief Patron | Chief Minister |
| 2 | Patrons | Sports Minister |
| 3 | Patrons | LSGD Minister |
| 4 | Patrons | Education Minister |
| 5 | Chairman | Sports Council President (KSSC) |
| 6 | Vice Chairman | Sports Secretary |
| 7 | Vice Chairman | LSGD Secretary |
| 8 | Vice Chairman | Education Secretary |
| 9 | Vice Chairman | Youth Welfare Board Vice Chairman |
| 10 | Vice Chairman | Youth Commission Chair Person |
| 11 | General Convenor | Director of Sports Directorate |
| 12 | Convenor | Member Secretary Youth Welfare Board |
| 13 | Members | State Director, NYKS |
| 14 | Members | State Director, NSS |
| 15 | Members | Regional Director, NSS |
| 16 | Members | CEE, KSEB |
| 17 | Members | Youth Commission Secretary |
| 18 | Members | District Youth Coordinator, Trivandrum |
| 19 | Members | Project Officer to Directorate of Sports, Kerala |
| 20 | Members | Technical Support Officer to Directorate of Sports, Kerala |

# ORGANIZATIONAL FRAMEWORK – DISTRICT LEVEL

| | | |
|---|---|---|
| 1 | District Patrons | Mayor |
| 2 | District Patrons | District Panchayat Presidents |
| 3 | District Patrons | Muncipal Chair Persons |
| 4 | Chairman / Chair Person | District Collector |
| 5 | Vice Chairman | District Sports Council, President |
| 6 | Zonal Mission Coordinators | State Sports Council Representatives |
| 7 | Convenor | District Sports Council, Secretary |
| 8 | Members | District Youth Coordinator, NYKS |
| 9 | Members | District Officer, Youth Welfare Board |
| 10 | Members | District Sports Officer, District Sports Council |
| 11 | Members | District Officers, NSS |
| 12 | Members | Commissioner of Police, Kerala State |
| 13 | Members | District Head Volunteers - 1 |
| 14 | [illegible] | [illegible] |

## ORGANIZATIONAL FRAMEWORK – PANCHATATH LEVEL

| SL.NO | POSITION | POST |
|---|---|---|
| 1 | Chairman / Chair Person | Panchayat President |
| 2 | General Convener | NSS Programme officer |
| 3 | Convener | Youth Coordinator, Youth Welfare Board |
| 4 | member | Representative from Police |
| 5 | member | Representatives of NYK |
| 6 | member | Registered Centre volunteers |
| 7 | member | Registered Youth Club Representatives |

## ORGANIZATIONAL FRAMEWORK – - ULB Level

| | | |
|---|---|---|
| 1 | Chairman | Mayor/ Municipal Chairman/Chairperson |
| 2 | Vice Chairman | Head of the Concerned standing Committee |
| 3 | Convenor | District Sports Officer, District Sports Council |
| 4 | Members | Representatives from NYKS |
| 5 | Members | Representatives from Youth Welfare Board |
| 6 | Members | NSS Programme officers |
| 7 | Members | Representatives from Police Department |
| 8 | Members | Registered centre volunteers |